# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6819 13.07.2012 - ൽ മറുപടിയ്ക്ക്

## സർക്കാർ ദന്തൽ യൂണിറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് ദന്ത വദനരോഗങ്ങൾ വ്യാപകമാകുന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; | (എ) | ഇത് സംബന്ധിച്ച ആധികാരികമായ സ്ഥിതി വിവര കണക്കുകൾ ലഭ്യമല്ല. |
| (ബി) സർക്കാർ ദന്തൽ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി ശക്തിപ്പെടുത്താത്തതിനാൽ സാധാരണക്കാർ സ്വകാര്യ ദന്തൽ ക്ലീനിക്കുകളെ ആശ്രയിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സർക്കാർ ദന്തൽ യൂണിറ്റുകളുടെ പ്രവർത്തനം കാലാനുസൃതമായി ശക്തിപ്പെടുത്തിയിട്ടുണ്ട്. |
| (സി) 2011-2012 സാമ്പത്തിക വർഷം സർക്കാർ ദന്തൽ യൂണിറ്റുകളുടെ വികസന പ്രവർത്തനങ്ങൾക്കായി എത്ര തുക ബജറ്റിൽ നീക്കിവച്ചിരുന്നുവെന്നും അതിൽ എത്ര ചെലവഴിച്ചുവെന്നും പരിശോധിച്ചിട്ടുണ്ടോ; | (സി) | 2011-12 സാമ്പത്തിക വർഷം സംസ്ഥാനത്തെ ദന്തരോഗ ചികിത്സാ കേന്ദ്രങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി പ്ലാൻ ഫണ്ട് ഇനത്തിൽ 60 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഈ തുകയുടെ പരമാവധി വിനിയോഗിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ ചിലവഴിച്ച തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും ശേഖരിച്ചുവരുന്നു. |
| (ഡി) സർക്കാർ ദന്തൽ യൂണിറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും യൂണിറ്റിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | 2012-13 സാമ്പത്തിക വർഷത്തിൽ ദന്തരോഗ ചികിത്സാ വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 100 ലക്ഷം രൂപ (1 കോടി രൂപ) പ്ലാൻ പദ്ധതി പ്രകാരം വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക കൊണ്ട് ഈ സാമ്പത്തിക വർഷത്തിൽ ദന്തരോഗ സ്പെഷ്യാലിറ്റി സംവിധാനം ഉൾപ്പെടെയുള്ള പദ്ധതികളുടെ രൂപരേഖയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ